DESPATCHED
25/01/22

50/1/21/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1803(5)/18/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8123/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

ശ്രീ. ജോസഫ് രാജു,
കുന്നേൽ പുതുപറമ്പ്,
മലകുന്നം പി.ഒ,
ചങ്ങനാശ്ശേരി – 686 535,
കോട്ടയം.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് രജിസ്ട്രാർ ഓഫീസ്,
തലയോലപ്പറമ്പ്.

അപ്പീൽ അധികാരി &
ജില്ലാ രജിസ്ട്രാർ (ജനറൽ)
ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കോട്ടയം – 686 002.
} എതിർകക്ഷികൾ

## ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, 2017 സെപ്റ്റംബറിൽ തലയോലപ്പറമ്പ് സബ് റജിസ്ട്രാർ ഓഫീസിൽ നടന്ന മുഴുവൻ ആധാരങ്ങളുടെയും ലിസ്റ്റാണ്.

2. ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച തിനെ തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയിൽ പങ്കെടുത്ത അപ്പീൽഹർജിക്കാരൻ കമ്മീഷനെ അറിയിച്ചത് ആവശ്യപ്പെട്ട വിവരം ലഭ്യമായിട്ടില്ല എന്നാണ്.

3. എസ്.പി.ഐ.ഒ കമ്മീഷന് മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടിയാൻ ആവശ്യപ്പെട്ടത് 2017 സെപ്തംബർ മാസത്തിൽ തലയോലപറമ്പ് സബ് രജിസ്ട്രാറാഫീസിൽ നടന്ന മുഴുവൻ ആധാരങ്ങളുടെയും ലിസ്റ്റ് വിവരമായിരുന്നു എന്നും അപേക്ഷയിൽ സൂചിപ്പിച്ച വിവരങ്ങൾ ടി ഓഫീസിൽ അതേ രൂപത്തിൽ സൂക്ഷിച്ചിട്ടുള്ളതല്ലെന്നും ടി വിവരങ്ങൾ കണ്ടെത്തുന്നതിനായി ടി ഓഫീസിലെ ബന്ധപ്പെട്ട രേഖകളിൽ തിരച്ചിൽ നടത്തി പരിശോധിച്ച് കണ്ടെത്തി നൽകേണ്ടതുണ്ടെന്നും ഒന്നാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ വിവരങ്ങൾ വസ്തു കൈമാറ്റകോഡ് അനുസരിച്ചാണ് ഓഫീസ് സോഫ്റ്റ് വെയറിൽ നിന്ന് ലഭിക്കുന്നതെന്നും ടി അപേക്ഷയിൽ ഏതിനത്തിൽപ്പെട്ട ആധാരങ്ങളുടെ വിവരങ്ങളാണ് എന്ന് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ 2017 സെപ്റ്റംബർ മാസത്തിൽ ഒന്നാം പുസ്തകത്തിൽ രജിസ്റ്റർ ചെയ്ത മുഴുവൻ ആധാരങ്ങളുടെയും വിവരങ്ങൾ ശേഖരിക്കേണ്ടിവരുമെന്നും ടി വിവരങ്ങളെല്ലാം കാണിച്ചു കൊണ്ട് അപേക്ഷകന് വിവരം നൽകിയിരുന്നു എന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനിൽ നിന്നും 100/- രൂപ തിരച്ചിൽ ഫീസ് ഈടാക്കി തിരച്ചിൽ നടത്തിയതിൽ നിന്നും ടി പേജുകൾ ഉൾകൊള്ളുന്നതാണെന്നും ടി പേജുകളുടെ പകർപ്പുകൾ ലഭിക്കുന്നതിനായി വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം ഒരു എ4 പേജിന് 2/- രൂപ നിരക്കിൽ 32 പേജുകൾക്ക് 64/- രൂപ ഒടുക്കുന്നതിനായി 23.04.2018 ൽ അപ്പീൽഹർജിക്കാരന് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ അപേക്ഷകൻ ഫീസ് ഒടുക്കിയിട്ടില്ല എന്നുംമറ്റുമാണ് ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുള്ളത്.

4. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ, ടി അപേക്ഷയിൻമേൽ എസ്.പി.ഐ.ഒയുടെ നടപടി നിയമാനുസൃതമല്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടി അപേക്ഷയിൻമേൽ ഒന്നാം അപ്പീൽ നൽകിയതിനുശേഷമാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നിശ്ചിതകാലയളവിനുള്ളിൽ നൽകിയാൽ മാത്രമേ അപേക്ഷകരിൽ നിന്നും ഫീസ് ഈടാക്കാൻ വ്യവസ്ഥയുള്ളൂ നിശ്ചിത കാലാവധിക്കു ശേഷമാണ് വിവരം നൽകുന്നതെങ്കിൽ അപേക്ഷകന് സൗജന്യമായി വിവരം നൽകാൻ എസ്.പി.ഐ.ഒയ്ക്ക് ബാദ്ധ്യതയുണ്ട്. ആകയാൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി ഈ ഉത്തരവ് കിട്ടി 7 ദിവസ

ത്തിനുള്ളിൽ നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ട തുമാണ്.

5. വിവരാവകാശ നിയമപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ കൈകാര്യം ചെയ്യു മ്പോൾ കൂറെക്കൂടി ജാഗ്രത പുലർത്തേണ്ടതാണെന്ന് എസ്.പി.ഐ.ഒയെ ഓർമ്മ പ്പെടുത്തി കൊണ്ട് ഈ അപ്പീൽഹർജി ഇന്നേദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി